

## അലുവാലിയ്ക്ക് എഴുതിത്തള്ളാവുന്നതല്ല രാജ്യത്തിന്റെ പരമാധികാരം

**ഇന്ത്യൻ വിപണി ലക്ഷ്യമിട്ടുള്ള വിദേശ ഏജൻസികളുടെ നുഴഞ്ഞുകയറ്റം പരസ്യമായും രഹസ്യമായും ഇന്ത്യയുടെ സമസ്ത മേഖലകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന ആശങ്ക നിലനില്ക്കുമ്പോഴാണ്, കേന്ദ്ര ആസൂത്രണ കമ്മീഷൻ വിദേശ മേൽക്കോയ്മയ്ക്ക് സ്വയം വിധേയത്വം പ്രഖ്യാപിക്കുന്നത്. ഈ രാജ്യം ഭരിക്കുന്നത് ആര് എന്ന് ചോദ്യം നാം നമ്മോട് ചോദിക്കേണ്ട സമയമായി. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പ്രതിബദ്ധത ഇന്ത്യൻ ജനതയോടോ, ലോക ബാങ്കിന്റെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റേയും രഹസ്യ അജണ്ടയോടോ എന്നും ഉത്തരം കിട്ടേണ്ട ചോദ്യമാണ്. പ്രധാനമന്ത്രി അദ്ധ്യക്ഷനും മൊണ്ടേക് സിംഗ് അലുവാലിയ ഉപാധ്യക്ഷനുമായിട്ടുള്ള ആസൂത്രണ കമ്മീഷനെ ഉപദേശിക്കുന്നതിന് രൂപീകരിച്ച ആലോചനസമിതിയിലാണ് ലോകബാങ്ക്, ഏ.ഡി. ബി. അമേരിക്കയിലെ പ്രമുഖ ധനകാര്യ ഏജൻസിയായ മക്കിൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് രാജ്യത്തിന്റെ പരമാധികാരത്തിന്റെ മേൽ മരണവാറണ്ട് പുറപ്പെടുവിച്ചിരിക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ നടപടി രാജ്യവിരുദ്ധവും ജനദ്രോഹപരവുമായ കുറ്റകൃത്യമായി ജനനീതി തിരിച്ചറിയുകയും ആസൂത്രണ കമ്മീഷന്റെ നീക്കങ്ങളോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു.**

*(19.9.04ന്, ജനനീതി വാർഷിക പൊതു യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയം)*

\rba- kw-kvIm-c tI-{µ-¯nsâ

വാല്യം : 11 ◆ ലക്കം :10◆ ഒക്ടോബർ2004 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# ആസൂത്രണ കമ്മീഷനിൽ വിദേശ ഏജൻസികളെ കുടിയിരുത്തുന്നതെന്തിന്?

പ്രൊഫ. കെ. അരവിന്ദാക്ഷൻ

ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പതിനൊന്നാമത്തെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത് 2004 മെയ് 22നാണ്. കോൺഗ്രസ്സ് നയിക്കുന്ന മൻമോഹൻ സർക്കാർ – യു.പി.എ. സർക്കാർ – ഇക്കഴിഞ്ഞ ആഗസ്റ്റ് 30ന് 100 ദിവസം പൂർത്തിയാക്കുകയും ചെയ്തു. ഐക്യപുരോഗമന മുന്നണിസർക്കാരിന്റെ സവിശേഷത, ഈ സർക്കാരിന് കമ്മ്യൂണിസ്റ്റ്–ഇടതുപക്ഷ പാർട്ടികളിൽ ഉൾപ്പെട്ട അറുപതിലേറെ എം.പി.മാരുടെ പുറത്തുനിന്നുള്ള പിന്തുണകൂടിയുണ്ടെന്നതാണ്. സർക്കാരിൽ പങ്കാളിത്തമില്ലെങ്കിലും, ഇടതുപക്ഷത്തിന് ആശ്വാസമേകാൻ യു.പി.എ. സർക്കാരിന്റെ നയരൂപീകരണത്തിന് മാർഗ്ഗദർശകമായ ഒരു പൊതുമിനിമം പരിപാടി (സി.എം.പി.)യുമുണ്ട്. രാഷ്ട്രീയ–സാമൂഹ്യ–സാമ്പത്തിക മേഖലകളിൽ പുതിയ നയസമീപനം പ്രാവർത്തികമാക്കുന്നതിനുമുമ്പ് സർക്കാർപക്ഷത്തിന് ഇടതുപക്ഷവുമായി കൂടിയാലോചന നടത്താനുള്ളൊരു സംവിധാനവും നിലവിൽ വന്നിരിക്കുന്നു. പുരോഗമനസ്വഭാവമുള്ള സാമ്പത്തിക–സാമൂഹ്യ നയങ്ങൾ നടപ്പാക്കുകയും സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ഒരു മനുഷ്യമുഖം നല്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തിൽനിന്ന് യു.പി.എ. സർക്കാർ പിന്നോക്കം പോകില്ലെന്ന് ഉറപ്പുവരുത്താനുള്ള മുൻകരുതൽ നടപടികളാണിവയെല്ലാം. എന്നാൽ, ഇടതുപക്ഷ കക്ഷികളുടെ കണക്കുകൂട്ടലുകൾ അപ്പാടെ തകിടംമറിക്കുന്ന നീക്കങ്ങളാണ് മൻമോഹൻ സിംഗ് സർക്കാരിന്റെ നൂറുദിവസത്തെ ഭരണം ചില മേഖലകളിലെങ്കിലും കാഴ്ച വെച്ചിട്ടുള്ളത്. വിവേചന രഹിതമായ വിധത്തിൽ, പൊതുമേഖലാ സ്വകാര്യവൽക്കരണം നടപ്പാക്കുകയില്ലെന്ന് സംശയാതീതമായ വിധത്തിൽ വ്യക്തമാക്കിയ കേന്ദ്ര സർക്കാർ ഈ നയത്തിൽനിന്നും ഇതുവരെ വ്യതിചലിച്ചിട്ടില്ലെന്നു നമുക്കു സമാധാനിക്കാമെങ്കിലും, വിദേശ മൂലധനനിക്ഷേപത്തിന് സമ്പദ്‌വ്യവസ്ഥയുടെ കവാടങ്ങൾ തുറന്നുകൊടുക്കാനുള്ള തീരുമാനം മാറ്റാൻ ഇപ്പോഴും സർക്കാർ അറച്ചുനിൽക്കുന്നതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധമായ തർക്കങ്ങൾ നിലനിൽക്കെ തന്നെ, കൂനിമേൽ കുരുവെന്ന് പറയുംപോലെയാണ്, കേന്ദ്ര ആസൂത്രണകമ്മീഷൻ ഉപധ്യാക്ഷസ്ഥാനം ഏറ്റെടുത്ത മുൻ ഐ.എം.എഫ്. താരം ഡോ. എം.എസ്. അഹ്‌ലുവാലിയ മുൻകൈയെടുത്തതിന്റെ ഫലമെന്നോണം, കമ്മീഷന്റെ ഉപദേശകസമിതികളിൽ, വിദേശ ഏജൻസികളുടെ പ്രതിനിധികൾക്ക് സ്ഥാനം നൽകാനുള്ള സർക്കാർ തീരുമാനം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. വിദേശ ഏജൻസികളായ ലോകബാങ്ക്, നാണ യനിധി, എ.ഡി.ബി., ലോക വ്യാപാരസംഘടന തുടങ്ങിയവയുടെ പ്രതിനിധികളെകൂടാതെ, ഒരു അമേരിക്കൻ മാനേജ്മെന്റ് കൺസൾട്ടിംഗ് ഏജൻസിയായ മക്കിൻസിയുടെ പ്രതിനിധിയെക്കൂടി ആസൂത്രണ കമ്മീഷനിലെ നയപരമായ തീരുമാനങ്ങളെടുക്കാനുള്ള കൂടിയാലോചനാ സമിതികളിൽകൂടി അംഗമാക്കുക – ഇല്ല. ഇതൊരിക്കലും അനുവദിച്ചുകൂടാ.

ആസൂത്രണ കമ്മീഷന്റെ ആലോചനാ സമിതികളിൽ വിദേശപ്രതിനിധികളെ ഉൾപ്പെടുത്തിയിരിക്കുന്നത് വെറും ഉപദേശകൻമാരെന്ന നിലയിലാണെന്നും, ഇന്ത്യയുടെ ക്രെഡിറ്റ് റേറ്റിംഗ് വിലയിരുത്തുന്നതിന് വായ്പാ ഏജൻസികളെ മുൻകൂട്ടി തന്നെ അനുവദിക്കുന്നതാണ് കൂടുതൽ അഭികാമ്യമെന്നും, അവയുമായുള്ള ചർച്ചകളും, കൂടിയാലോചനകളും സുതാര്യമായിരിക്കുമെന്നും, കമ്മീഷന്റെ ഉപദേശസമിതി അംഗങ്ങളായ 400–ൽപരം പേരിൽ വെറും എട്ടുപേർ മാത്രമാണ് വിദേശ പ്രതിനിധികളായി ഉള്ളൂവെന്നും, ഏതു പ്രശ്നത്തിലും അന്തിമ തീരുമാനം എടുക്കാനുള്ള അധികാരം

കേന്ദ്രസമിതിക്കും സർക്കാരിനും തന്നെയായിരിക്കുമെന്നും, ഇതിനുമുമ്പും വിദേശ പ്രതിനിധികളുടെ വൈദഗ്ധ്യവും ഉപദേശവും പദ്ധതിനടത്തിപ്പിൽ ഇന്ത്യ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും - നിക്കോളാസ് കാൽഡർ, ചാൾസ് ബെന്നൽഹീം, റോസൻസ്റ്റീൽ റോഡാൻ തുടങ്ങിയവരുടെ സഹായം പ്രൊഫ. പി.സി. മഹലനോബിസ് തേടിയത് പണ്ഡിറ്റ് നെഹ്റു പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിലായിരുന്നു. ഈ നടപടി അന്നൊന്നും നേരിടേണ്ടിവന്നിട്ടില്ലാത്ത രാജ്യതാല്പര്യപ്രശ്നങ്ങൾ ഇപ്പോൾ ഉണ്ടാകുമെന്ന് ആശങ്കപ്പെടുന്നത് അസ്ഥാനത്താണെന്നും മറ്റുമാണ് ഈ പ്രശ്നത്തെ ലാഘവബുദ്ധിയോടെ വീക്ഷിക്കുന്നതിനായി ഡോ. അഹ്ലുവാലിയയും, പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും ഉന്നയിക്കുന്ന വാദമുഖങ്ങൾ. ഇതെല്ലാം പ്രശ്നത്തെ ലഘുവായി കാണാനുള്ള വ്യഗ്രത മാത്രമാണ്. മുകളിൽ സൂചിപ്പിച്ച പണ്ഡിതന്മാർ ആരുംതന്നെ വിദേശ ഏജൻസികളെ പ്രതിനിധാനം ചെയ്തിരുന്നവരായിരുന്നില്ല. മാത്രമല്ല, അവരിൽ പലരും ഇടതുപക്ഷ ചിന്താഗതിക്കാരും, നെഹ്റുവിന്റെ ആസൂത്രണത്തോടുള്ള കാഴ്ചപ്പാടുകളുമായും, ഇന്ത്യയുടെ ദേശീയ താത്പര്യങ്ങളുമായും ഏകാഭിപ്രായം ഉള്ളവരുമായിരുന്നു. എന്നാൽ, ഇന്നത്തെ സാഹചര്യം വ്യത്യസ്തമാണ്. എന്തുകൊണ്ട്? നാം പ്രാതിനിധ്യം നൽകി ആസൂത്രണകമ്മീഷന്റെ സമിതികളിൽ കുടിയിരുത്താനുദ്ദേശിക്കുന്ന സ്ഥാപനങ്ങളെപ്പറ്റി പാശ്ചാത്യവിമർശകൻമാരും, പണ്ഡിതന്മാരും പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ പരിശോധിച്ചാൽ നമുക്കിതിനു വ്യക്തമായ മറുപടി കിട്ടും. കമ്യൂണിസ്റ്റ് ബുദ്ധിജീവികളും ,വിമർശകരും പറയുന്നത് നാം ഗൗരവമായി കണക്കിലെടുക്കേണ്ടതുമില്ല. ഒരുകാലത്ത് ബ്രിട്ടൺവുഡ്സ് ഇരട്ടകളായ ലോകബാങ്കിന്റേയും, നിധിയുടെയും നയങ്ങളെ പിന്തുണച്ചിരുന്ന ഡോ. ജെഫ്രി സാക്ക്സ് പറയുന്നത് ശ്രദ്ധിക്കുക: വാഷിംഗ്ടണിലെ 19-ാം തെരുവിൽ കൂടിയിരുന്നുകൊണ്ട് ആയിരത്തോളംവരുന്ന ധനശാസ്ത്രജ്ഞന്മാരുടേതായ ഒരു ചെറിയ വിഭാഗം, 1.4 ബില്യൻ ജനങ്ങൾ അധിവസിക്കുന്ന 75 വികസ്വര രാജ്യങ്ങളോട് സാമ്പത്തികമേഖലയിൽ അവർ എന്തുചെയ്യണമെന്ന് ആജ്ഞാപിക്കുന്നതിനു പിന്നിലുള്ള യുക്തിയെന്തെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല . ഏഷ്യൻ വോൾസ്ട്രീറ്റ് ജേർണൽ അഭിപ്രായപ്പെടുന്നതെന്തെന്നോ? 2300 ജീവനക്കാർ സേവനം അനുഷ്ഠിക്കുന്ന ഐ.എം.എഫ്. സെക്രട്ടേറിയറ്റ്, നിധിയുടെ 80 അംഗരാജ്യങ്ങളുടെ സാമ്പത്തികനയങ്ങൾ, രഹസ്യ കൂടിയാലോചനകളിലൂടെ, തയാറാക്കുന്നു. ഈ പ്രക്രിയയിൽ, ബന്ധപ്പെട്ട രാജ്യങ്ങൾക്ക് യാതൊരുവിധ പങ്കാളിത്തവും ഉണ്ടായിരിക്കുകയില്ല. ബാഹ്യലോകവും ഇതേപ്പറ്റി തികഞ്ഞ അജ്ഞതയിലാണ്. **നയരൂപീകരണത്തിൽ നാണയനിധിക്കുള്ള അധികാരക്കുത്തക, സാമ്പത്തിക നയരൂപീകരണ നടപ്പാക്കൽപ്രക്രിയകളിൽ സുതാര്യത തീർത്തും ഇല്ലാതാക്കുന്നു. അതേ അവസരത്തിൽ, സ്വന്തം രാജ്യത്ത് നടക്കുന്ന സാമ്പത്തിക വികസന നടപടികൾക്ക് തുറന്ന സ്വഭാവവും, സുതാര്യതയും ഉറപ്പാക്കാൻ വികസ്വരരാജ്യ ഭരണകൂടങ്ങൾ സന്നദ്ധമാകണമെന്ന് നാണയനിധിയുടെ മേധാവികൾ ശഠിക്കുകയും ചെയ്യുന്നു. ഇത് ഇരട്ടത്താപ്പ് നയമല്ലെങ്കിൽ മറ്റെന്താണ്?.** ബ്രിട്ടന്റെ മുൻ വ്യാപാര- വ്യവസായ സെക്രട്ടറി സ്റ്റീഫൻ ബയേഴ്സിന്റെ അഭിപ്രായത്തിൽ, നാണയനിധിയുടെയും, ലോകബാങ്കിന്റെയും നയം നമ്മെ ആശങ്കാകുലരാക്കുന്നു. വായ്പകൾക്കായി അവ നിർണയിക്കുന്ന വ്യവസ്ഥകൾ, ത്വരിതഗതിയിലുള്ള ഉദാരവൽക്കരണ നയങ്ങൾ സ്വീകരിക്കാൻ വികസ്വര രാജ്യങ്ങളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു .

ഇക്കാര്യത്തിൽ അവിടത്തെ ദരിദ്രജനവിഭാഗങ്ങൾക്കുണ്ടാകുന്ന ആഘാതമെന്തെന്ന് ഒട്ടും ശ്രദ്ധിക്കപ്പെടുന്നുമില്ല. തേർഡ്വേൾഡ് നെറ്റ്വർക്ക് എന്ന ഏജൻസിയുടെ വിലയിരുത്തലെന്തെന്നു നോക്കുക. **നയങ്ങൾ അടിച്ചേല്പിക്കുന്ന പ്രക്രിയയിൽ തികഞ്ഞ ഹൃദയശൂന്യമായ സമീപനമാണ് നാണയനിധിയുടേത്. സ്വന്തം ഇഷ്ടാനുസരണം സ്വീകരിക്കുന്ന നയപരപാടികൾ, രഹസ്യമാർഗ്ഗങ്ങളിലൂടെ നടപ്പാക്കുമ്പോൾ, സംരക്ഷിക്കപ്പെടുന്നത് സമ്പന്നരാജ്യതാല്പര്യങ്ങൾ മാത്രമാണ്. ഇതൊന്നും തന്നെ, പ്രതിസന്ധി തരണം ചെയ്യാൻ പെടാപാടുപെടുന്ന ദരിദ്രരാജ്യങ്ങൾക്ക് ഒരു ഗുണവും ചെയ്യുകയുമില്ല.** ലോകബാങ്കിന്റെ മുൻ മുഖ്യസാമ്പത്തികോപദേഷ്ടാവും നോബൽ സമ്മാനജേതാവുമായ ജോസഫ് സ്റ്റിഗ്ലിറ്റ്സ്, നാണയനിധിയുടെ കടുത്ത വിമർശകനായാണ് പരക്കെ അറയപ്പെടുന്നത്. അദ്ദേഹം, ആഗോളവൽക്കരണവും അതിന്റെ അസ്വസ്ഥതകളും എന്ന തന്റെ വിഖ്യാത ഗ്രന്ഥത്തിൽ, നാണയനിധിയും അതിന്റെ സഹോദര സ്ഥാപനങ്ങളും, വികസ്വര രാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങളുടെ നേരെ പ്രകടമാക്കുന്ന കാപട്യമാർന്ന സമീപനങ്ങളും ജനാധിപത്യവിരുദ്ധമായ മനോഭാവവും ആധികാരികതയോടെ വ്യക്തമാക്കുന്നുണ്ട്. **സാമ്പത്തികവളർച്ചയുടെ ഗതിവേഗം കുറയുന്ന രാജ്യങ്ങളെ, കൂടുതൽ ഗുരുതരമായ തളർച്ചയിലേക്കും, തളർച്ച നേരിടുന്ന രാജ്യങ്ങളെ പരിപൂർണമായ തകർച്ചയിലേക്കും നയിക്കാൻപോന്ന നയങ്ങളാണ് നാണയനിധിയും ലോകബാങ്കും മറ്റും സ്വീകരിച്ചുവരുന്നത്.**

ബാങ്കിന്റെയും, നിധിയുടെയും ഉപദേഷ്ടാക്കൾ ഡോ. ജെഫ്രി സാക്ക്സിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയെടുത്ത്, സാമ്പത്തിക തകർച്ചയിലായിരുന്ന റഷ്യയിൽ നടപ്പാക്കിയ വികസന പാക്കേജ്, ആ രാജ്യത്തെ എവിടെയാണ് കൊണ്ടെത്തിച്ചതെന്ന് സമീപകാല അനുഭവമാണ്. ഇതിലൂടെ നടപ്പാക്കിയ `ഷോക്ക് ചികിത്സാ വിധിയിൽ ത്വരിതഗതിയിലുള്ള സ്വകാര്യവത്കരണം, പൊടുന്നനെയുള്ള വ്യാപാര ഉദാരവൽക്കരണം, വിദേശമൂലധനത്തിന് സമ്പദ്വ്യവസ്ഥയുടെ കവാടങ്ങൾ മലർക്കെ തുറന്നിടുക, വിലനിയന്ത്രണം അപ്പാടെ നീക്കം ചെയ്യുക തുടങ്ങിയവയെല്ലാമുണ്ടായിരുന്നു. ഇത്തരമൊരു ചികിത്സാ നിർണയത്തിന് കൂട്ടുനിന്നതിൽ പിന്നീടൊരിക്കൽ പശ്ചാത്താപം പ്രകടമാക്കിയ വ്യക്തിയാണ് സാക്ക്സ്.

ലോകബാങ്കിന്റെയും, നാണയനിധിയുടെയും വിദഗ്ദോപദേശം സ്വീകരിച്ച റഷ്യയ്ക്ക് ആദ്യഘട്ടത്തിൽ സംഭവിച്ച ഗതികേട് പന്നീട് ദക്ഷിണ പൂർവേഷ്യൻ മേഖലയിലെ `ടൈഗർ സമ്പദ്വ്യവസ്ഥകൾക്കും ഉണ്ടായതും മറക്കാൻ നേരമായിട്ടില്ലല്ലോ. പിന്നെ, മക്കൻസിയുടെ കാര്യം. എൻറോണിന്റെ മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ജെഫ്രി കെ.സ്കില്ലിംഗ് തൽസ്ഥാനം അലങ്കരിച്ചപ്പോഴാണ് പ്രസ്തുത കമ്പനി സാമ്പത്തികമായി തകർന്ന് പാപ്പരായത്. ഈ വിദഗ്ധൻ അതിനുമുമ്പ് മക്കിൻസി ആൻഡ് കമ്പനിയെന്ന മാനേജ്മെന്റ് സ്ഥാപനത്തിന്റെ പങ്കാളിയുമായിരുന്നുവെന്നോർക്കുക.

ചുരുക്കത്തിൽ യു.പി.എ. സർക്കാരിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും, ആസൂത്രണകമ്മീഷൻ ഉപാദ്ധ്യക്ഷൻ ഡോ. അഹ്ലുവാലിയയും വിദേശ സ്ഥാപനങ്ങളുടെ പ്രതിനിധികളെ, കമ്മീഷന്റെ കൂടിയാലോചനാസമിതികളിൽ ഉൾപ്പെടുത്തി, പത്താം പദ്ധതിയുടെ ഇടക്കാല വിലയിരുത്തലിന് ഒരുമ്പെടുന്നത്, മിതമായ ഭാഷയിൽ പറഞ്ഞാൽ, ആത്മഹത്യാപരമായൊരു നടപടിയായിരിക്കും. ഈ നീക്കത്തിൽനിന്ന് എത്രയുംവേഗത്തിൽ സർക്കാർ പിന്മാറുന്നോ, അത്രയും നന്ന്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ താത്പര്യങ്ങൾക്ക് അത്രയേറെ സഹായകമായിരിക്കും അതിന്റെ ഫലമായി ഉണ്ടാവുക എന്നതിൽ തെല്ലും സംശയമില്ല. ∎

# ആസൂത്രണത്തിലെ ബൗദ്ധിക പാപ്പരത്തം

**ഡോ. മാർട്ടിൻ പാട്രിക്**

**വ്യ**വസായ മൂലധനത്തിൽനിന്നും ധന മൂലധനത്തിലേക്കുള്ള പ്രയാണത്തെ കൊളോണിയലിസത്തിൽനിന്നും നിയോ കൊളോണിയലിസത്തിലേക്കുള്ള ദൂരമായി കരുതാം. ഈ രണ്ടു കാലഘട്ടങ്ങളിലെയും സമാനത വിദേശ ഇടപെടലുകളുടെയും ആധിപത്യത്തിന്റെയും വ്യത്യസ്ത രൂപങ്ങളാണ്. രണ്ടിനും പൊതു വ്യാപാരമാർഗ്ഗങ്ങളാണെന്ന സമാനതയും ദർശിക്കാം. ആധുനിക (സാമ്രാജ്യത്വ) കാലഘട്ടത്തിൽ ലോകവ്യാപാര സംഘടനയുടെ നിബന്ധനകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ആവശ്യകതയിലൂന്നിയാണ് വിദേശ ഇടപെടലുകൾ സാധ്യമാക്കുന്നത്. വിദേശ നിക്ഷേപം, വിദേശ സാങ്കേതികവിദ്യ എന്നിങ്ങനെ നീളുന്ന പട്ടികയുടെ ഒടുവിൽ വിദേശ പ്രാതിനിധ്യം സ്ഥാനം പിടിച്ചിരിക്കുന്നു.

പത്താം പദ്ധതിയുടെ ഇടക്കാല അവലോകനത്തിന്റെ ഭാഗമായി കൃഷി, ആരോഗ്യം, ഊർജ്ജം, ഉന്നത സാങ്കേതിക വിദ്യാഭ്യാസം, ഗതാഗതം, ജല- ധന വിഭവങ്ങൾ എന്നീ മേഖലകളിലെ പുരോഗതി വിലയിരുത്തുന്ന കൺസൾട്ടൻസി ഗ്രൂപ്പുകളിലാണ് വിദേശ പ്രതിനിധികളെ നിയമിച്ചിരിക്കുന്നത്. ലോക ബാങ്കിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും മോചനം നേടേണ്ട ആവശ്യകത തിരിച്ചറിഞ്ഞ സാഹചര്യത്തിൽ അവരുടെ മാത്രമല്ല, എ.ഡി.ബി.യുടെയും മക്കിൻസി എന്ന അമേരിക്കൻ കൺസൾട്ടൻസിയുടെയും പ്രതിനിധികളെ വിവിധ സമിതികളിൽ നിയമിച്ചത് തികച്ചും വൈരുദ്ധ്യം തന്നെ. കേന്ദ്ര സർക്കാരിന്റെ ഉപദേശക സമിതിയായ ആസൂത്രണ കമ്മീഷനെ ഉപദേശിക്കാനായി മര്യാദയുടെ സീമ ലംഘിച്ചു വിദേശിയരെ ആശ്രയിക്കുന്നത് ആസൂത്രണ കമ്മീഷന്റെ ബൗദ്ധിക പാപ്പരത്തത്തെയാണ് പ്രദർശിപ്പിക്കുന്നത്.

സ്വകാര്യവൽക്കരണത്തിലൂടെ ഉയർന്ന `വളർച്ചാനിരക്ക് ലക്ഷ്യമായി നിർണ്ണയിച്ചു പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രതിനിധികളെന്ന നിലക്ക് ഇവർ നല്കുന്ന ഉപദേശം ഏതു തരത്തിലുള്ളതായിരിക്കുമെന്നറിയാൻ പാഴൂർപടിക്കൽ പോയി പ്രശ്നംവെച്ചു നോക്കേണ്ടതില്ല. സമ്പത്തിക പരിഷ്ക്കരണത്തിന്റെ മാനുഷിക മുഖത്തെപ്പോലും പുറംതിരിഞ്ഞു സമീപിക്കുന്ന ഇക്കൂട്ടരുടെ ഉപദേശം സർക്കാരിന്റെ ഇടപെടലുകളെ ഗണ്യമായി കുറയ്ക്കാനും ലോക വ്യാപാര സംഘടനയുടെ നിബന്ധനകളും മാനദണ്ഡങ്ങളും വാണിജ്യവുമായി ബന്ധപ്പെടുത്തിയെടുക്കുന്ന നിലപാടുകൾക്കും അനുസരിച്ചായിരിക്കും ഇത് പ്രധാനമായും പൊതുമിനിമം പരിപാടിയുടെ കടയ്ക്കൽ കത്തിവയ്ക്കുമെന്നതിൽ സംശയം വേണ്ട. ജനങ്ങളോട് നേരിട്ട് ബാധ്യതയില്ലാത്തതിനാൽ കുമിഞ്ഞുകൂടുന്ന സമ്പത്തിന്റെ `പുനർവിതരണത്തി നുതകുന്ന ഉപദേശം അന്യമാവുകയും, അത് വരും നാളുകളിൽ കർഷകന്റെയും മറ്റു സാധാരണക്കാരന്റെയും ജീവിതം കൂടുതൽ സങ്കീർണമാക്കാൻ ഉതകുകയും ചെയ്യും. ■

# ഒന്നും പറയാനില്ല

**നീലൻ**

**ആ**രാണ് വിദേശി, ആരാണ് സ്വദേശി - തിരിച്ചറിവുകൾക്ക് തെളിമയില്ലാത്ത കാലമാണിത്. കൊലക്കത്തിയേറ്റ് കൂട്ടുകാരേതെന്നറിയാത്ത കലങ്ങിയ കാലം. **ആരാണ് വിദേശി ചാരൻ? ആരാണ് സഖാവ്? വിദേശ കുത്തകകൾക്കെല്ലാം ഈ നാട്ടിൽ സ്വദേശി ഏജന്റുമാരുണ്ട്. നേരിട്ടുള്ള ഏജൻസികളും. കേന്ദ്രമന്ത്രിസഭയിൽ പ്രധാനമന്ത്രി മുതൽക്കിങ്ങോട്ട് പലരും ഇത്തരം ഏജൻസിപ്പണിക്കാരാണ്.** ബി.ജെ.പി.യും എൻ.ഡി.എയും ഇതേ കഴകപ്പണി ചെയ്തവരാണ്. അടുത്ത കാലത്ത് അമേരിക്കയിൽ പോയി നാണംകെട്ട പഴയ തീപ്പൊരി സോഷ്യലിസ്റ്റിനെക്കുറിച്ചോർക്കുമ്പോൾ കരച്ചിലുവരും. വിദേശി വേണോ, വിദേശിയുടെ സ്വദേശി ഏജന്റു വേണോ എന്നാണ് ചോദ്യമെങ്കിൽ രണ്ടും വേണ്ട എന്നുപറയാം. പക്ഷേ, രണ്ടിലൊന്നു കൂടിയേ തീരൂ എന്നതാണ് സത്യം. ഒന്നും പറയാനുമില്ല. ■

# സാമ്പത്തിക അസമത്വവും അരക്ഷിതത്വവും വർദ്ധിക്കും

**ഡോ സി.ബി. രാജീവ്**

**ആ**ഗോളവൽക്കരണ പ്രക്രിയയുടെ ഭാഗമായി ബഹുരാഷ്ട്രകുത്തകകൾ സ്വതന്ത്രരാജ്യങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ നയരൂപീകരണങ്ങളിൽ സുപ്രധാനപങ്ക് വഹിക്കുന്നുവെന്ന കാരണങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും അതിനെതിരെ ശക്തിമായി പ്രതികരിക്കുകയും ചെയ്യേണ്ടതുണ്ടെന്ന വസ്തുത വീണ്ടും ഓർമ്മപ്പെടുത്തുന്നു ഒരു നടപടിയാണ് ഇത്. സ്വതന്ത്ര്യാനന്തര ഇന്ത്യയുടെ മികച്ച സ്വപ്നങ്ങളിലൊന്നായ സാശ്രയത്വമാണ് ഇന്ത്യൻ ഭരണാധികാരികൾ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നത്. വിദേശാധിപത്യത്തിനെതിരായ നിയന്ത്രണങ്ങൾക്ക് പകരം വിദേശികളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് 1991നുശേഷമുള്ള ഇന്ത്യൻ ഭരണവർഗ്ഗം പിന്തുടരുന്നത്. നിയോ ലിബറൽ ഭരണവർഗ്ഗം പിന്തുടരുന്നത്. നിയോലിബറൽ സാമ്പത്തികനയങ്ങൾക്കനുസൃതമായി ഇന്ത്യൻ സാമ്പത്തിക പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ബ്രട്ടൺ വുഡ്സ് (Bretton woods) സ്ഥാപനങ്ങളുടെ തന്ത്രപരമായ നീക്കമായിട്ടും ഈ നടപടിയെ വിലയിരുത്താം.

**രാജ്യത്തിനകത്തുള്ള വിഭവങ്ങളുടെ ലഭ്യത, ജനങ്ങളുടെ ക്രയശേഷി, സാങ്കേതിക വിദ്യാപരിജ്ഞാനം തുടങ്ങിയ നിരവധി രഹസ്യസ്വഭാവമുള്ള വിവരങ്ങൾ അനായാസേന വിദേശികൾ ക്ക് ലഭ്യമാകുന്നുവെന്നത് ഇന്ത്യൻ ജനതയുടെ താല്പര്യങ്ങൾക്ക് ഹാനികരമാണ്. മുന്നോറോളം മില്യൻ ജനങ്ങൾ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ ലഭിക്കാത്തവരായി ഇന്ത്യയിലുണ്ടെന്നാണ് പല പഠനങ്ങളും കാണിക്കുന്നത്. ഇവരുടെ അത്യാവശ്യങ്ങൾ നിറവേറ്റാനുള്ള സാമൂഹ്യസുരക്ഷപദ്ധതികൾ വിദേശവിദഗ്ധർ അംഗീകരിക്കുമോ? ഇന്ത്യയെ ബൃഹത്തായ കമ്പോളമാക്കി മാറ്റുകയും അതിലൂടെ വിദേശികൾക്ക് നിക്ഷേപസാഹചര്യമൊരുക്കുകയും ചെയ്യുന്ന സാമ്പത്തിക അസമത്വങ്ങളെ വർദ്ധിപ്പിക്കുന്ന പദ്ധതികളെയായിരിക്കും ഈ വിദേശഉപദേശകർ സ്വാഭാവികമായും പിന്തുണക്കുന്നത്.**

ഇന്ത്യൻ ജനതയുടെ സമകാലിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ ഇന്ത്യൻ മനസ്സ് കണ്ടെത്തിയ വിദ്ഗദ്ധർക്ക് മാത്രമാണ് സാധിക്കുക. വിദേശസർവ്വകലാശാലകളിലെ താത്വിക ജ്ഞാനവും ഉപരിവർഗ്ഗ/മദ്ധ്യവർഗ്ഗതാല്പര്യമുള്ള അന്തരാഷ്ട്ര പണ്ഡിതന്മാരിൽ നിന്നും നമുക്കത് ഒരിക്കലും പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല. ■



# ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമോ?

**സി.ആർ. നീലകണ്ഠൻ**

**സാ**മ്രാജ്യത്വ ആഗോളവൽക്കരണത്തിന് മനുഷ്യമുഖം നൽകുന്ന തരത്തിലുള്ള പൊതുമിനിമം പരിപാടി അവതരിപ്പിച്ചുകൊണ്ടാണ് മൻമോഹൻ സിങ് അധികാരമേറ്റെടുത്തത്. ഇടതുപക്ഷത്തിന്റെ സമ്മർദ്ദ രാഷ്ട്രീയ ത്തെ അതിജീവിക്കാൻ മൻമോഹൻ സിങ്ങിനു കഴിയുമോ എന്ന സംശയം പരിഷ്ക്കരണവാദികൾ മുമ്പേ ഉന്നയിച്ചിരുന്നു. പക്ഷെ, ഈ മുഖം മിനുക്കൽ പരിപാടിപോലും വേണ്ടത്ര നടക്കുമോ എന്ന സംശയം സ്വതന്ത്ര നിരീക്ഷകർക്കുണ്ടായിരുന്നു. ലോക ബാങ്ക് ഉദ്യോഗത്തിലിരുന്നയാളും ഇന്ത്യയിലെ ആഗോളവൽക്കരണ നയങ്ങളുടെ പ്രയോക്താവുമായിരുന്ന മൻമോഹൻ സിങ് പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ സന്തത സഹചാരിയായ ചിദംബരം ധനമന്ത്രിയുമായ ഒരു സർക്കാരിൽനിന്നും ഇതിലേറെ പ്രതീക്ഷിക്കാമോ എന്ന ചോദ്യമുണ്ട്. സാമ്പത്തിക വികസന നയങ്ങൾ രൂപീകരിക്കുന്ന ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷനായി മൊണ്ടെക് സിങ് അലൂവാലിയയെ നിയമിച്ചപ്പോൾ ദിശ വ്യക്തമായിരുന്നു. ലോക ബാങ്കിലെ ഉദ്യോഗത്തിൽനിന്നും ഇന്ത്യയുടെ ധനകാര്യ സെക്രട്ടറിയായി വരികയും പിന്നീട് ഐ.എം.എഫിൽ ജോലിക്കു പോകുകയും തിരിച്ച് ആസൂത്രണ കമ്മീഷനിൽ വരികയും ചെയ്തയാളാണ് അലൂവാലിയ. എൻ.ഡി.എ. സർക്കാരിന്റെ കാലത്ത് അമേരിക്കയിലെ മക്കൻസി ആന്റ് കമ്പനി എന്ന സ്ഥാപനത്തിനുവേണ്ടി പദ്ധതിയവലോകന റിപ്പോർട്ട് തയ്യാറാക്കിയതും ഇദ്ദേഹമാണ്. ഇപ്പോൾ ആസൂത്രണ കമ്മീഷൻ വളരെ നിർണായക തീരുമാനങ്ങളെടുക്കുന്ന ഘട്ടമാണ്. മുൻസർക്കാർ തയ്യാറാക്കി നടപ്പിലാക്കിത്തുടങ്ങിയ പത്താം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ ഇടക്കാല അവലോകനം തയ്യാറാക്കുന്നതാണ് ഈ ഘട്ടം. മുൻസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയം മൂലമാണ് അവർ പരാജയപ്പെട്ടതെന്നതിനാലും ഇടതുപക്ഷത്തിന്റെ സമ്മർദ്ദഫലമായുണ്ടായ പൊതുമിനിമം പരിപാടിയുടെ പ്രതിഫലനം ഈ പദ്ധതിയുടെ വരുംവർഷ പ്രവർത്തനങ്ങളിൽ ഉണ്ടാകണമെന്നതിനാലും ഈ അവലോകനവും അതിനനുസരിച്ചുള്ള തിരുത്തലുകളും ഈ സർക്കാരിന്റെ ദിശാമാറ്റം സൂചിപ്പിക്കുന്നവയായിരിക്കും. ഈ ഇടക്കാല അവലോകനത്തിനുവേണ്ടി ഒരു സമീപനരേഖ തയ്യാറാക്കുകയും പത്തൊമ്പത് ഉപദേശക സമിതികൾ രൂപീകരിക്കുകയും ചെയ്തു. വിവിധ വകുപ്പുകൾ ഇതുവരെയുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ടുകൾ നല്കും. ഇവ പരിശോധിക്കലാണ് ഈ അവലോകന പരിപാടി.

ടെൽകോം, എയർപോർട്ട് മുതലായവയിലെ വിദേശ ഓഹരി പങ്കാളിത്ത പരിധി 49ൽനിന്നും 76 ശതമാനമാക്കി ഉയർത്താനുള്ള തീരുമാനം ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പ്രസ്താവിച്ചതടക്കം പല കാര്യങ്ങളിലും ഇടതുപക്ഷം പ്രതിഷേധിച്ചിരുന്നു. ഇടക്കാല അവലോകനത്തിനുള്ള ആസൂത്രണ കമ്മീഷന്റെ സമീപനരേഖതന്നെ കൂടുതൽ ആഗോളവൽക്കരണം വേണം എന്ന അഭിപ്രായമുള്ളതാണ് എന്നു കാണുന്നു. തൊഴിലുറപ്പുപദ്ധതി, പരമ്പരാഗത വ്യവസായ സംരക്ഷണം, കാർഷിക മേഖലയ്ക്കുള്ള സഹായം ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാതിരിക്കൽ തുടങ്ങിയ പൊതുമിനിമം പരിപാടിയിലെ ഇനങ്ങൾപോലും അപ്രായോഗികമാണെന്ന് ഈ സമീപനരേഖ പറയുന്നു. ഏറെ സമ്മർദ്ദങ്ങൾക്കു വഴങ്ങി പുതിയ പരിപാടികൾക്കായി ബജറ്റിൽ വകയിരുത്തിയ 12000 കോടി രൂപ എങ്ങനെ വിനിയോഗിക്കണം എന്ന തീരുമാനം എടുക്കുന്നതും ഈ അവലോകനത്തിന്റെ ഭാഗമാണ്.

അവലോകന സമിതികളിൽ ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് (എ.ഡി.ബി.) എന്നീ അന്താരാഷ്ട്ര സ്ഥാപനങ്ങളിലെയും മക്കൻസി & കമ്പനിയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയതാണ് ഏറെ വിവാദമായിരിക്കുന്നത്. ലോക ബാങ്കിന്റെ മുതിർന്ന ജലഉപദേഷ്ടാവായ ജോൺ ബ്രിസ്കോയെ ജലവിഭവം സംബന്ധിച്ച ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ലോക ബാങ്കിന്റെതന്നെ അലോക് ബൻസാൽ ഗതാഗത സമിതിയിലുമുണ്ട്. മക്കൻസി & കമ്പനിയിലെ വിപുൽടുളി മക്കൻസി ഊർജം – ഇന്ധനം സമിതിയിലും, പ്രമത് സിൻഹ ഉന്നത- സാങ്കേതിക വിദ്യാഭ്യാസ ഗ്രൂപ്പിലും, ഗൗതംകുമാർ ആരോഗ്യ – കുടുംബക്ഷേമ ഗ്രൂപ്പിലും അംഗമാണ്. കൃഷി ഗ്രൂപ്പിൽ മക്കൻസിയുടെയും എ.ഡി.ബി.യുടെയും പ്രതിനിധിയുണ്ട്. സാമ്പത്തിക വിഭവ ഗ്രൂപ്പിൽ എ.ഡി.ബി. പ്രാതിനിധ്യമുണ്ട്.

**ഇത്ര നിർണായകമായ സമിതികളിൽ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന്റെ യുക്തി വ്യക്തമാണ്. ഈ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സാമ്പത്തിക വികസന നയങ്ങൾ എന്തെല്ലാമാണെന്ന് ആർക്കുമറിയാം. ലാറ്റിനമേരിക്കയിലും ആഫ്രിക്കയിലും കിഴക്കൻ ഏഷ്യയിലുമുള്ള പല രാജ്യങ്ങളിലും കടുത്ത സാമ്പത്തിക രാഷ്ട്രീയ കുഴപ്പങ്ങളിലേയ്ക്ക് നയിച്ചത് ഈ സ്ഥാപനങ്ങൾ നിർദ്ദേശിച്ച നയങ്ങൾ നടപ്പാക്കിയതുമൂലമാണ്. ഇന്ത്യയിൽ തന്നെ കഴിഞ്ഞ 10 വർഷത്തിലേറെയായി കാർഷിക-ഗ്രാമീണ മേഖലകളിലുണ്ടായ തകർച്ചയും വ്യവസായ മാന്ദ്യവും ഈ നയങ്ങൾ നടപ്പിലാക്കിയതുമൂലമുണ്ടായതാണ്. കടുത്ത ആഗോള വൽക്കരണ വാദികളായിരുന്നവർപോലും ഇപ്പോൾ മനുഷ്യമുഖം വേണമെന്ന നിലപാടിലേയ്ക്ക് മാറിക്കൊണ്ടിരിക്കുമ്പോഴാണ് ഇവിടെ കൂടുതൽ ശക്തിയായി അവ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. മക്കൻസി & കമ്പനിയുമായി മൊണ്ടെക് സിങ് അലുവാലിയക്കുള്ള അവിഹിത ബന്ധങ്ങളും ചർച്ചചെയ്യപ്പെടുന്നു.**

ഈ തീരുമാനം മാറ്റാൻ വേണ്ടി ഇടതുപക്ഷം പ്രധാന മന്ത്രിയിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും അതുചെയ്യാൻ അദ്ദേഹം തയ്യാറായില്ല. ഈ നടപടികളെ ന്യായീകരിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. വ്യത്യസ്ത ചിന്താഗതിക്കാർ വരട്ടെ, പ്രമുഖ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകരെ ഇത്തരം ഉപദേശക സമിതികളിൽ മുമ്പും ഉൾപ്പെടുത്തിയിട്ടുണ്ട്, ചില വിദേശികളും അതിലുണ്ടായിരുന്നു. നാനൂറ് പേരിൽ എട്ടുപേരല്ലേ ഇവരുള്ളൂ... തീരുമാനമെടുക്കുന്നത് ആസൂത്രണ കമ്മീഷനല്ലേ?.... എന്നിങ്ങനെ പല ന്യായങ്ങളും ഉയർത്തിക്കൊണ്ട് ഏറ്റവും ഒടുവിൽ നമുക്കു വായ്പ തരുന്നവരും നമ്മുടെ സാമ്പത്തികശേഷി സൂചിക (ക്രഡിറ്റ് റേറ്റിങ്ങ്) തയ്യാറാക്കുന്നവരുമായ ഏജൻസികളുടെ നിർദ്ദേശങ്ങൾ തുടക്കം മുതൽതന്നെ ശ്രദ്ധിക്കുകയും അവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ് എന്ന സത്യം തുറന്നു പറയുന്നു. ഇതുതന്നെയാണ് പ്രശ്നം. അന്താര്ഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ നല്കുന്ന വായ്പയുടെ കുരുക്കുകൾ നമ്മുടെ കഴുത്തിലും കൈയിലും കാലിലും മാത്രമല്ല ബുദ്ധിയിലും തലച്ചോറിലും മുറുകുകയാണ്.

(പേജ് 6)

## ജനങ്ങളെ മറന്ന്

**പി.എൻ. ഗോപീകൃഷ്ണൻ**

നമ്മുടെ വികസനവും ആസൂത്രണവും കുറെക്കാലമായി ആരെ മറന്നുവയ്ക്കുന്നു എന്നതിന്റെ സൂചനകളാണ് കുറെക്കാലമായി പല പല സംസ്ഥാനങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന കർഷക ആത്മഹത്യകൾ. ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും വറചട്ടിയിൽ കർഷകർ കിടന്ന് പൊരിയുകയാണ്. അതിന്റെ നിരവധി ഭാഷകളിൽ ഒന്നുപോലും കർഷകന്റെ പ്രശ്നങ്ങൾക്ക് പ്രകാശനം നൽകുന്നില്ല. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഇന്ത്യയുടെ പ്രസിദ്ധിയാർജ്ജിച്ച ജൈവവൈവിധ്യസമൃദ്ധിയേയും കാലാവസ്ഥ വൈവിധ്യങ്ങളേയും ജനാധിപത്യ പൈതൃകത്തേയും സാക്ഷി നിർത്തി, ആത്മഹത്യയുടെ മൂകഭാഷ പറയുകയായിരുന്നു കർഷകർ. അതിനു മുന്നിൽ ഗ്രാമസ്വരാജും വിമോചിത ഗ്രാമങ്ങളും തൊട്ടുതുടങ്ങുന്ന ഗ്രാമീണ ചരിത്രഗാഥ, പരിപ്രേക്ഷ്യങ്ങൾ നോക്കുകുത്തികളായി. ഗ്രാമത്തെക്കുറിച്ചും ഗ്രാമീണ ജീവിതത്തെക്കുറിച്ചും സംസ്കാരത്തിൽ മുഴങ്ങിയ വൃന്ദവാദ്യങ്ങൾക്ക് ഒച്ചയില്ലാതെയായി. അമ്പതാണ്ടുകളോളം തെരുവുകളിലും മാധ്യമങ്ങളിലും ഏറ്റവുമുച്ചത്തിലാകാൻ മത്സരിച്ച രാഷ്ട്രീയ വാഗ്ദാനങ്ങൾ ഒരടയാളവും ശേഷിപ്പിക്കാതെ മാഞ്ഞു. സമ്പത്തിന്റെ നഗരവത്കരണം, ആഗോളവത്കരണത്തോടെ പൂർണ്ണമായി. കടത്തിന്റെ ഗ്രാമീണവത്ക്കരണവും.

വികസനം അതോടെ ഒരു സാങ്കേതിക പ്രശ്നമായി. ആസൂത്രണത്തിന്റെ തകരാറ് ഒരു കേന്ദ്രത്തിന്റെ തകരാറാണ് എന്ന മട്ടായി. അഴിച്ചു പരിശോധിക്കാൻ ഒരു വിദഗ്ധനെ അന്വേഷിക്കുന്നത് ഈ കാഴ്ചപ്പാടിന്റെ ഫലമാണ്. സ്വന്തം ജനതയെ അസംസ്കൃതവസ്തുക്കളായി കാണുന്ന ഈ കാഴ്ചപ്പാടിനു കിട്ടിയ ചെറിയ തിരിച്ചടിയായിരുന്നു, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ആന്ധ്രയിലും ഭാഗികമായി കേരളത്തിലും മുഴങ്ങിയത്.

**സ്വാതന്ത്ര്യം ഒരു മനുഷ്യാവകാശ പ്രശ്നം കൂടിയാണ്. അതിനാൽ അടിത്തട്ടിലുള്ളവരെ ഗൗനിക്കാത്ത, അവരുടെ ജീവിതങ്ങളെ തല്ലിക്കൊഴിക്കുന്ന, ആസൂത്രണം മനുഷ്യാവകാശ ലംഘനമാണ്.** അത് മനസ്സിലാക്കാതെ വിദേശ മേലാളരുടെ ഉപദേശചൂഷണത്തിനു തലവയ്ക്കുകയാണെങ്കിൽ, ഒരു വിചാരണ അതിന്റെ ഭാവിയിൽ എഴുതിവച്ചിരിക്കുന്നു. ■

## വിലയിരുത്താനും വിദേശീയരോ?

**പി.എ. വാസുദേവൻ**

**"എല്ലാ വാതിലുകളും, ജനലുകളും തുറന്നിട്ട ഒരു വീടെനിക്കുവേണം... അവയിലൂടെ എല്ലാ പ്രദേശങ്ങളിലെയും, രാജ്യങ്ങളിലെയും, സാംസ്കാരിക തെന്നൽ, എന്റെ വീട്ടിലൂടെ കടന്നുപോകണം. എന്നാൽ ഇവയെയൊന്നും, എന്റെ അടിതെറ്റിക്കാൻ ഞാനനുവദിക്കുകയില്ല".** സ്വാതന്ത്ര്യത്തിന്റെ പോരാട്ട മുഹൂർത്തങ്ങളിലൊന്നിൽ, മഹാത്മാവ് പറഞ്ഞ ഈ വാചകം, പദ്ധതി വിലയിരുത്തൽ കമ്മിറ്റിയിൽ, ഇറക്കുമതി വിദഗ്ധരെ ഉൾപ്പെടുത്തിയത് ന്യായീകരിക്കാൻ ഡോ. മൊൺടെക് സിംഗ് ഉദ്ധരിച്ചതിലാണ് പ്രതിഷേധം. തൊട്ടുപിന്നിൽ, പ്രധാനമന്ത്രി, അദ്ദേഹത്തെ പിന്താങ്ങുകയും ചെയ്തു. ഒരു വിഭാഗത്തിന്റെ രൂക്ഷമായ പ്രതിഷേധമിരമ്പിയതോടെയാണ്, കാര്യം ജനങ്ങളറിയുന്നത്.

പത്താം പദ്ധതിയുടെ വിലയിരുത്തലിനു മാത്രമാണെന്നും, കമ്മീഷനു മേൽ അവർക്ക് നിയന്ത്രണമില്ലെന്നും അലുവാലിയ പറയുന്നതിൽ, ഭാഗിക സത്യം പോലുമുണ്ടാവില്ല. മൻമോഹൻസിംഗ്, അലുവാലിയ, സി.രംഗരാജൻ, ബിമൽ ജലാൻ, രാകേഷ്മോഹൻ തുടങ്ങിയവരും, മേമ്പൊടിക്ക് ചിദംബരവുമുണ്ടായിട്ടും ഇടക്കാല വിലയിരുത്തലെന്ന താരതമ്യേന ചെറിയ പണിക്ക്, ഇറക്കുമതി വിദഗ്ധരെന്തിനാണ്. അതും ലോകമെങ്ങും സാമ്പത്തിക ഹത്യ നടത്തുന്ന ലോക ബാങ്ക്, ഐ.എം.എഫ്., മെക്കൻസി കമ്പനി, എൻറോണുമായി ഗാഢബന്ധമുള്ളവരാണ്. മെക്കൻസിയുടെ മുൻ പറ്റുകാരിൽ മിക്കവരും, തകർന്നു നിലംപരിശായതിന്റെ ഉദാഹരണങ്ങളുമുണ്ട്. മൻമോഹനും മോൺടെക് സിംഗിനും ഇതറിയാതെ വരില്ല. അപ്പോൾ നമ്മുടെ ആശങ്ക വർധിക്കുന്നു.

നാം ഇപ്പോൾ ചെന്നു വീഴുന്നത് സംഗതമായ ചില സംശയങ്ങളിലാണ്.

1. **ഈ ഇറക്കുമതി വിദഗ്ധർ വിലയിരുത്തൽ യോഗത്തിൽ മാത്രമേ വരൂ എന്നും, പദ്ധതി നയ രൂപീകരണ യോഗങ്ങളിൽ വരില്ലെന്നും. ഭരണകാര്യത്തിൽ ഒട്ടും സുതാര്യതയില്ലാത്ത നമ്മുടെ സാഹചര്യത്തിൽ ഉറപ്പു വരുത്താനാവുമോ?**
2. **ഇടക്കാല വിലയിരുത്തലിൽനിന്ന് ക്രമേണ അധികരിച്ച് അവർ നയരൂപീകരണത്തിലും കൈമുറുക്കുമോ?**
3. **സമ്മേളനങ്ങളിലെ നടപടിക്രമങ്ങൾ റെക്കോഡ് ചെയ്യുമ്പോൾ പുറം വിദഗ്ധരുടെ നിർദേശങ്ങൾ പ്രത്യേകം സൂക്ഷിക്കുമോ, അതല്ലെങ്കിൽ, അവരുടെ നിർദേശങ്ങൾ, നമ്മുടെതുമായി ചേർന്ന് കുഴയുമ്പോൾ, തിരിച്ചറിയാനാവില്ലല്ലോ, അത് അപകടമാവില്ലേ.**
4. **അവരുടെ ശുപാർശകൾ നാം നടപ്പിലാക്കുമെന്ന വല്ല അനൗപചാരിക ധാരണകളുമുണ്ടോ?**
5. **നമ്മുടെ നയരേഖകളിലും സുപ്രധാന തീരുമാനങ്ങളിലും അവർക്കെത്രമാത്രം കടന്നുകയറാനാവും.**

ഇതൊന്നും അടിസ്ഥാനരഹിത ആശങ്കകളല്ല. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വാർത്താവിനിമയം, ബൗദ്ധിക സ്വത്ത് തുടങ്ങിയ സകല മേഖലകളിലും വൈദേശിക സാന്നിധ്യം ഇന്ന് സജീവമായിരിക്കേ, ഇതുകൂടി ഒരുക്കിയെടുത്ത്, ഒരു സർവകാല അടിമത്തം നാം സ്വയം കൈയേൽക്കണമോ, സബ്സിഡി, സ്വകാര്യവൽക്കരണം, സർക്കാരിനെ ശോഷിപ്പിക്കൽ തുടങ്ങിയ നടപടികൾ, ലോകബാങ്കിന്റെ ഒത്താശയോടെയാണ് നടക്കുന്നത്. വികസിത രാജ്യങ്ങളിലെ സാമ്പത്തിക സന്ദർഭമല്ല ഇവിടെ, ഒരു തരം ഫ്രീസൈസ് വികസന മാതൃകയിലൂടെ, ചെറിയ രാജ്യങ്ങളിലെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്നിരിക്കെ, എന്തിനാണ് ഇവരുടെ ഇറക്കുമതി വൈദഗ്ധ്യം നാം പരീക്ഷിക്കുന്നത്?

ഈ സംശയം നമ്മുടെ നമ്മുടെ മാത്രമല്ല, വാഷിംഗ്ടൺ പത്തൊമ്പതാം തെരുവിലെ 1000 ധനശാസ്ത്രജ്ഞർക്ക് 140 കോടി ജനങ്ങൾ ജീവിക്കുന്ന, 75 വികസ്വര രാജ്യങ്ങളുടെ ഭാവി നിർണയിക്കാനുള്ള അധികാരമെന്നതാണ് എന്നാണ് ഡോ. ജിഫ്രിസാച്ച്സിന്റെ ചോദ്യം. ഏതാണ്ട് 80-ഓളം രാജ്യങ്ങളുടെ ഭാവി നിശ്ചയിക്കാൻ, ലോകബാങ്ക് ഓഫീസിലെ 2300 സ്റ്റാഫിന് സാധിക്കില്ല.

ലോകത്തിനു മൊത്തമായി ഒരേക രൂപ വികസന മാതൃക പറ്റാത്തവിധം, വൈവിധ്യ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഐ.എം.എഫിനും ബാങ്കിനും അവരുടെ സാമ്പത്തിക തന്ത്രങ്ങളുടെ പ്രായോഗിക ഫലത്തിൽ യാതൊരു താല്പര്യവുമില്ല. വികസ്വര രാജ്യങ്ങൾക്കായി, ഇവർ എടുക്കുന്ന നയങ്ങളും പ്രയോഗവും അതീവ രഹസ്യമാണെന്ന ആരോപണം ഉന്നയിച്ചത്, ബാങ്കിന്റെ തന്നെ ഉപദേശകനായിരുന്ന ജോസഫ് സ്റ്റിഗ്ലിറ്റ്സ് ആയി

രുന്നു. അതായിരുന്നു അദ്ദേഹം ലോകബാങ്കുമായി തെറ്റിപ്പിരിയാനും കാരണം.

റഷ്യയിൽ ലോകബാങ്ക് നടപ്പിലാക്കിയ ഷോക്ക് തെറാപ്പി സർക്കാർ സ്വത്ത് സ്വകാര്യവൽക്കരിച്ചും വ്യാപാരം ഉദാരീകരിച്ചും മൂലധനം ഇറക്കുമതി ചെയ്തും ആ രാജ്യത്തിന്റെ നിലനിൽപ്പുതന്നെ അപകടപ്പെടുത്തിയിരുന്നു. അതിന്റെ വിപണിയിലുണ്ടായിരുന്ന ജെഫ്രി സാച്ച് ആ കുറ്റം ഏറ്റുപറയുകയുണ്ടായി.

ഈ വിദഗ്ധരെ വിലയിരുത്തലിൽമാത്രം ഒതുക്കാനാവില്ല. അവർ സകല രേഖകളും കൈവശപ്പെടുത്തും. വിലയിരുത്തൽ നയരൂപീകരണത്തിലെത്തും. ശിപാർശകൾ, താക്കീതും ആജ്ഞകളുമാവും. സർക്കാരും രാഷ്ട്രീയ നേതൃത്വവും ക്രമേണ അതിനു വിധേയപ്പെടും. അവരിലൂടെ വിദേശ സർക്കാരുകളുടെ സമ്മർദവും വരും. കൃഷി, മരുന്ന്, സബ്സിഡി എന്നീ രംഗങ്ങളിലൊക്കെ നാമിതു അനുഭവിച്ചു കഴിഞ്ഞു.

ആശയങ്ങൾ കൊണ്ടുവരുമ്പോൾ ഇറക്കുമതി ചെയ്യുന്നത് രാഷ്ട്രീയമാണ് എന്ന് ക്ലിന്റൺ പണ്ട് പറഞ്ഞത് നാം മറക്കരുത്. ഇവിടത്തെ കാര്യം നോക്കാൻ നാം മതി.

പ്രശ്നം വൈദഗ്ധ്യത്തിന്റേതല്ല. ദേശസ്നേഹത്തിന്റേതുമാത്രമാണ്. *(മാതൃഭൂമി)* ■

(പേജ് 4)

അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ കാര്യങ്ങൾ നിയന്ത്രിക്കുന്നത് ഇങ്ങനെയാണ്. അവരുടെ നിയന്ത്രണത്തിലുള്ള കൺസൾട്ടൻസികളെ നമ്മുടെ ഉപദേഷ്ടാക്കളായി വയ്ക്കും. അവരുടെ ചിലവും നമ്മുടെ വായ്പയിൽപ്പെടും. കേരളത്തിലെ ഹൈവേ, റോഡുകൾ, ജലനിധി, വൈദ്യുതി മുതലായ പദ്ധതികൾക്കെല്ലാം ഇത്തരം ഏജൻസികളുണ്ട്. ഭരണ പരിഷ്ക്കാരം (നവീകരണമെന്ന എം.ജി.ഡി) നിർദേശിക്കുന്നതും ഒരു കൺസൾട്ടൻസി സ്ഥാപനമാണ്. മക്കൻസി ആൻഡ് കമ്പനി ഇതിൽ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. കേവലം വിദേശികൾ ഉപദേശക സമിതിയിൽ വരുന്നുവെന്നതല്ല പ്രശ്നം. ഇവരുടെ താൽപര്യമെന്താണ് എന്നതാണ്... അവർ ആരേ പ്രതിനിധീകരിക്കുന്നുവെന്നതാണ്... ഇവിടെ നാം സ്വതന്ത്ര പരമാധികാര (സോഷ്യലിസ്റ്റ്) രാജ്യമാണെന്ന് ഭരണഘടനയിൽ എഴുതിവയ്ക്കുന്നു. എന്നാൽ എങ്ങനെ നാം ശ്വസിക്കണം എന്നുപോലും തീരുമാനിക്കുന്നത് ഈ സ്ഥാപനങ്ങളാണ്. കേന്ദ്രത്തിൽ ഭരണമാറ്റം നടന്നുവെന്ന് നാം കരുതുന്നു. പക്ഷെ വെറും കക്ഷിമാറ്റം മാത്രമെ നടത്തിട്ടുള്ളുവെന്നും യഥാർത്ഥ ഭരണകർത്താക്കൾ മാറിയിട്ടില്ലെന്നും തിരിച്ചറിയുന്നു.



# പൂച്ച ഇപ്പോൾ പുറത്താകുന്നു

**എം.എൻ. വിജയൻ**

**ചാ**ക്കിൽനിന്ന് പൂച്ച പുറത്തുചാടിയിരിക്കുന്നു എന്നു വിളിച്ചുപറഞ്ഞത് പഴയ ഗാന്ധിയാണ് – Now the cat is out of the bag . ഇന്ത്യക്ക് തരാൻ സ്വാതന്ത്ര്യവുമായി ക്രിപ്സിന്റെ ദൗത്യം. ഇവിടെ വരുന്ന കാലം 60 വർഷമായി കാണും. ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരെ നടുക്കിയ ഒരു രാഷ്ട്രീയ ഉച്ചാരണമായിരുന്നു അന്ന് ഗാന്ധി നടത്തിയത്.

ഇപ്പോൾ പൂച്ച പ്ലാനിംഗ് ബോർഡിലേക്കാണ് ചാടിയിരിക്കുന്നത്. നമ്മുടെ ഭാവിയും വർത്തമാനവും ആസൂത്രണംചെയ്യാൻ ഇനിയും വിദേശികൾ വരും. കടം തന്ന് മുടിക്കുന്ന ലോകബാങ്കിന്റേയും ഏഷ്യൻബാങ്കിന്റേയും പ്രതിനിധികൾ, വളരെ സ്വകാര്യമായി പ്രവർത്തിക്കുന്ന കൺസൾട്ടൻസി ഏജൻസികൾ. നമ്മുടെ ഭാവിക്ക് വേണ്ടി നമുക്കിനി ഒന്നും ചെയ്യേണ്ടിവരില്ല. പാക്കേജുകളായി എത്തുന്ന നമ്മുടെ ഭാവി തുറന്ന് ഭക്ഷിക്കുകയേ വേണ്ടൂ.

കേരളത്തിലെ സർക്കാരാപ്പീസുകൾ പരിശോധിക്കുവാൻ എ.ഡി.ബി.യുടെ പ്രതിനിധികൾ വന്നപ്പോൾ മന്ത്രിമാർതന്നെ ഔദ്യോഗികമായി ഞെട്ടിത്തെറിച്ചിരുന്നു. ഇപ്പോൾ നമുക്കനുഭവപ്പെടുന്നത് ദേശീയമായ നടുക്കമാണ്. നമ്മുടെ ഭാവിയും നമ്മുടെ മുൻഗണനകളും നിർമിക്കുവാനും നിർദേശിക്കുവാനുമുള്ള അധികാരം ആർക്കോ അടിയറവായിക്കൊണ്ടിരിക്കുന്നു. **ശാസ്ത്രീയമെന്നും സാമ്പത്തിക ശാസ്ത്രീയമെന്നും തെറ്റായി വിളിക്കുന്ന പരിഗണനകൾകൊണ്ട് ജനതയുടെ രാഷ്ട്രീയ ഇച്ഛകൾ തമസ്കരിക്കപ്പെടുന്നു. ശാസ്ത്രം ഒരു മതമായും മറയായും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. സമാഹരിച്ച് കുത്തകയാക്കിത്തീർക്കുന്ന പണംകൊണ്ടും വിവരങ്ങൾകൊണ്ടും ജനസമൂഹങ്ങളുടെ ജാതകങ്ങൾ നിർമിച്ച് വിറ്റുകൊണ്ടിരിക്കുന്നു.**

പക്ഷേ അടിമത്തവും ഒരു സുഖമാണ്. എല്ലാ സംശയങ്ങളെയും അത് നിശ്ചയങ്ങളാക്കിത്തരുന്നു. രാഷ്ട്രീയമായ കലക്കങ്ങളെ തെളിനീരാക്കി കുപ്പിയിലടയ്ക്കുന്നു. ചിന്തിക്കുക എന്ന ബാധ്യതയിൽനിന്ന് അനുസരിക്കുക എന്ന എളുപ്പത്തിലേക്ക് അത് നിങ്ങളെ ഒതുക്കിനിർത്തുന്നു. ഇനി നിങ്ങളുടെ അദ്ഭുതങ്ങൾ, ആഹ്ലാദങ്ങൾ, വിഷാദങ്ങൾ, ഭയാശങ്കകൾ എന്നിവയെല്ലാം സ്ഥിതിവിവരക്കണക്കുകൾ നിർണയിച്ചുകൊള്ളും. സന്തോഷത്തിന്റെയും സങ്കടങ്ങളുടെയും സർവേ റിപ്പോർട്ടുകൾ വരും. ആത്മഹത്യകൾക്ക് മരണാനന്തര സൈക്യാട്രിക് ചികിത്സകളുണ്ടാകും. വസൂരി തടയുംപോലെ ആത്മഹത്യയും തടയാം എന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും. ഡിസ്പോസിബിൾ സിറിഞ്ചുകൾകൊണ്ട് അതിനുള്ള പ്രതിരോധം കുത്തിവെക്കും. മൊബൈൽ ഫോണിൽകൂടി സംസാരിച്ചുകൊണ്ടിരുന്നാൽ ആത്മഹത്യ ഒഴിവാക്കാവുന്നതേയുള്ളൂ എന്ന് മൊബൈൽ ശൃംഖലകൾ നമ്മെ ബോധ്യപ്പെടുത്തും. ജൈവം എല്ലാം യാന്ത്രികമായി തീരും.

അതുകൊണ്ടാണ് വികസനത്തിന് ഇനി ഒരു മാനുഷികമുഖം കൂടിയുണ്ടാകുമെന്ന് പ്രധാനമന്ത്രിക്ക് പറയേണ്ടിവന്നത്. മനുഷ്യന്റെ പുരോഗതിക്ക് മാനുഷികമല്ലാത്ത മറ്റെന്ത് മുഖമാണുണ്ടാവുക എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. സാങ്കേതിക സർവാധിപത്യത്തിന്റെ പൊയ്മുഖം തന്നെയാണ് അത്. അതുകൊണ്ട് നമ്മുടെ സുഖദു:ഖങ്ങളുമായി നിരന്തരം ബന്ധപ്പെടുത്തി വിലയിരുത്താത്ത ഏത് സാങ്കേതികത്വവും ജനാധിപത്യം നിരാകരിക്കേണ്ടതാണ്. **സാങ്കേതിക സ്വാതന്ത്ര്യം ആരാന്റെ കൈയിൽ കൊടുത്ത വടി പോലെ അവർക്ക് അടിക്കുവാനും നമുക്ക് തടുക്കുവാനും ഉള്ള ഒരുപകരണമായി തീർന്നിരിക്കുന്നു. നമ്മുടെ യാഥാർഥമായ രാഷ്ട്രീയബോധം ഇന്ന് അശരണമായിക്കൊണ്ടിരിക്കുന്നു എന്നും അത് യാന്ത്രിക സാങ്കേതികാധിപത്യത്തിന്റെ അടിമയായി അതിവേഗം രൂപപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുമാണ് മുഖമില്ലാത്ത ഇന്ത്യൻ രാഷ്ട്രീയം ഇപ്പോൾ സൂചിപ്പിക്കുന്നത്.** ജനാധിപത്യം സാങ്കേതികവിദഗ്ധരെ ഏല്പിക്കേണ്ടിവരുന്നത് ഈ അവസ്ഥയുടെ സ്പഷ്ടമായ സൂചനതന്നെയാണ്. ■

## മക്കിൻസി കമ്പനി യുടെ സമിതി പ്രവേശ നത്തിൽ ഗൂഢാലോചന

**ഇ. രാജേഷ്**

**കൃ**ഷി, ആരോഗ്യ - കുടുംബക്ഷേമം, ഊർജം, ഉന്നത - സാങ്കേതിക വിദ്യാഭ്യാസം എന്നീ ഉപദേശകസമിതികളിലാണ് മക്കിൻസി കമ്പനിയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയത്.

ഇന്ത്യൻ സാമ്പത്തിക സ്ഥിതിയെപ്പറ്റി മക്കിൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് നേരത്തെ ഒരു പഠനം നടത്തിയിരുന്നു. അലുവാലിയയാണ് ആ പഠനത്തിൽ പ്രധാനമായും പങ്കാളിയായിരുന്നത്. അലുവാലിയ ഉൾപ്പെടെയുള്ളവർ ചേർന്ന് തയാറാക്കിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2001ൽ മക്കിൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിനിധിസംഘം ദില്ലിയിലെത്തി പ്രധാനമന്ത്രി വാജ്പേയിയുമായി ചർച്ചയും നടത്തിയിരുന്നു. അതുമുതൽ ആരംഭിച്ച നീക്കങ്ങളുടെ പരിസമാപ്തിയായാണ് മക്കിൻസി കമ്പനി പ്രതിനിധികളെ ഉപദേശകസമിതികളിൽ ഉൾപ്പെടുത്തിയത്.

**വാണിജ്യരംഗത്തെ സർക്കാരിന്റെ പങ്കാളിത്തവും ഉത്പന്ന വിപണിയിലെയും ഭൂവിപണിയിലെയും നിയന്ത്രണങ്ങളുമാണ് ഇന്ത്യക്ക് നാല് ശതമാനത്തിനുമേൽ സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കുന്നതിന് തടസ്സമെന്നാണ് മക്കിൻസി പഠനറിപ്പോർട്ടിന്റെ കാതൽ. ഈ തടസ്സങ്ങൾ നീക്കാനുള്ള നയനിർദേശങ്ങളാണ് മക്കിൻസിയുടെ അജണ്ടയിലുള്ളത്.**

**വൈദ്യുതിമേഖല സ്വകാര്യവൽക്കരിക്കണം, ചെറുകിട വ്യവസായ ഉത്പന്നങ്ങൾക്കുള്ള സംവരണം പൂർണമായി നീക്കം ചെയ്യണം, എല്ലാ ചരക്കുകൾക്കും ഇറക്കുമതിത്തീരുവ പത്ത് ശതമാനമാക്കി കുറയ്ക്കണം. എല്ലാ മേഖലകളിലും നിയന്ത്രണം കൂടാതെ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കണം. പിരിച്ചുവിടലിനും നഷ്ടപരിഹാരം നൽകലിനും ഏക മാനദണ്ഡമേർപ്പെടുത്തി തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കണം. ഇതിൽ കരാർ തൊഴിലിന് നിയന്ത്രണമുണ്ടാവരുത്. മുനിസിപ്പൽ സേവനങ്ങൾക്ക് നിരക്കും സ്വത്തുനികുതിയും വർധിപ്പിക്കണം, വിപണിനിലവാരത്തിനൊത്ത് വാടക വർധിപ്പിക്കാൻ കഴിയുംവിധം കുടികിടപ്പുനിയമം പരിഷ്കരിക്കണം എന്നിവയാണ് മക്കിൻസിയുടെ പ്രധാന നിർദേശങ്ങൾ.** ■

*(ദേശാഭിമാനി - സെപ്റ്റംബർ 4.)*

## വിദേശ ഏജൻസികൾക്ക് എന്തുകാര്യം?

**ഡോ. തോമസ് ഐസക്**

**കേന്ദ്ര ആസൂത്രണ കമ്മീഷൻ ഉപദേശക സമിതികളിൽ വിദേശ ഏജൻസിയുടെ പ്രതിനിധികൾ ഇതേവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ എന്തിന് ഇവരെ ഉൾപ്പെടുത്തുന്നു?. പണ്ടില്ലാത്ത പാണ്ഡിത്യ ദാരിദ്ര്യം പൊടുന്നനെ ഇന്ത്യയിലുണ്ടായോ? ഇത് ആത്മഹത്യാപരമാണ്.**

പത്താം പഞ്ചവത്സര പദ്ധതിയുടെ ഇടക്കാല വിലയിരുത്തലിനുള്ള സമയമാണിത്. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ രണ്ട് സുപ്രധാന നടപടികൾ കൈക്കൊള്ളുകയുണ്ടായി.ഒന്നാമതായി പത്താം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകൾ തയ്യാറാക്കിയ അവലോകന റിപ്പോർട്ടുകളും മറ്റും പരിശോധിച്ച് ഉപദേശം സമർപ്പിക്കാൻ 19 ആലോചനാ സമിതികൾ രൂപീകരിച്ചു. പദ്ധതി തയ്യാറാക്കുന്ന വേളയിലും ഇടക്കാല വിലയിരുത്തലിന്റെ ഘട്ടത്തിലും ഇത്തരം സമിതികൾ രൂപീകരിക്കുക പതിവാണ്. രണ്ടാമതായി ഈ സമിതികൾക്ക് മാർഗനിർദേശമായി ഇടക്കാല വിലയിരുത്തൽ സംബന്ധിച്ച ഒരു സമീപനരേഖയും കമ്മീഷൻ അംഗീകരിച്ചു. രണ്ടും വിവാദമായിരിക്കുകയാണ്.

ഇപ്പോൾ നടക്കുന്ന പത്താം പദ്ധതിയുടെ ഇടക്കാല വിലയിരുത്തൽ ഒരു പതിവ് അഭ്യാസമല്ല എന്നത് ഓർക്കണം. ബി.ജെ.പി. സർക്കാർ തയ്യാറാക്കിയ പത്താം പദ്ധതിയിൽ മാറ്റങ്ങൾ വരുത്തി പൊതുമിനിമം പരിപാടിയുടെ മുൻഗണനകൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയാണ് ഈ ഇടക്കാല വിലയിരുത്തലിന്റെ മുഖ്യലക്ഷ്യം. ധനമന്ത്രി ചിദംബരം പുതിയ പരിപാടികൾക്കായി 12,000 കോടി രൂപ പദ്ധതി അടങ്കലിലേക്ക് കൂടുതലായി വകയിരുത്തിയതല്ലാതെ ഇവ ഏത് സ്കീമുകൾക്കുവേണ്ടിയാണെന്നോ നിലവിലുള്ള ഏതേതു സ്കീമുകളിൽ മാറ്റം വരുത്തുമെന്നോ ബജറ്റ് അവതരണ വേളയിൽ വ്യക്തമാക്കിയിരുന്നില്ല. ഉചിതമായ മാറ്റങ്ങൾ ഇടക്കാല വിലയിരുത്തലിന്റെ വേളയിൽ ആസൂത്രണ കമ്മീഷൻ തന്നെ വരുത്തുമെന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്.

ഈ കടമ നിർവഹിക്കുന്നതിന് ആസൂത്രണ കമ്മീഷനെ ഉപദേശിക്കുന്നതിനുവേണ്ടി രൂപീകരിച്ച ആലോചനാ സമിതികളിൽ ലോക ബാങ്ക്, എ.ഡി.ബി., അമേരിക്കയിലെ പ്രമുഖ ധനകാര്യ കൺസൾട്ടിംഗ് കമ്പനിയായ മക്കിൻസി എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് മൊണ്ടേക് സിംഗ് ഏവരെയും ഞെട്ടിച്ചിരിക്കയാണ്. സി.പി.എമ്മും മറ്റ് ഇടതുപക്ഷ കക്ഷികളും അർഥശങ്കയ്ക്കിടയില്ലാത്ത വിധം തങ്ങളുടെ എതിർപ്പ് പ്രകടിപ്പിച്ചുകഴിഞ്ഞു.

ആലോചനാ സമിതികളിൽ വിദേശികളെ ഉൾപ്പെടുത്തിയതിനെ ന്യായീകരിക്കുന്നതിന് മൊണ്ടേക് സിംഗും കൂട്ടാളികളും പറയുന്ന ന്യായങ്ങൾ ഇവയാണ്. വ്യത്യസ്ത ചിന്താഗതികളുള്ള വിദഗ്ധന്മാരെയും ചില പ്രമുഖ സാമൂഹ്യ - രാഷ്ട്രീയ നേതാക്കളെയും ആസൂത്രണ കമ്മീഷന്റെ ഉപദേശക/ പഠന സമിതികളിൽ ഉൾപ്പെടുത്തുന്നത് സാധാരണ പതിവാണ്. മുമ്പും വിദേശ പണ്ഡിതന്മാർ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സഹായിച്ചിട്ടുണ്ട്. നമുക്ക് വായ്പകൾ തരുന്നതും നമ്മുടെ ക്രെഡിറ്റ് റേറ്റിംഗ് നിശ്ചയിക്കുന്നതുമായ സ്ഥാപനങ്ങളെ തുടക്കംമുതൽ തന്നെ വിശ്വാസത്തിലെടുക്കുന്നതാണ് അഭികാമ്യം. അവരുടെ നിർദേശങ്ങളും പരസ്യമായി ചർച്ച ചെയ്യാമല്ലോ. ഉപദേശകസമിതിയിലെ 400-ൽപരം അംഗങ്ങളിൽ എട്ടുപേരല്ലേ ഈ സ്ഥാപനങ്ങളുടെ പ്രതിനിധികളായുള്ളൂ. എല്ലാത്തിലുമുപരി അന്തിമ തീരുമാനം കൈക്കൊള്ളുക കേന്ദ്ര ആസൂത്രണ കമ്മീഷൻ ആയിരിക്കും. ആയതിനാൽ ദേശീയ താല്പര്യങ്ങൾ ബലികഴിക്കപ്പെടുമെന്നും മറ്റുമുള്ള ആശങ്കകൾക്ക് ഒരടിസ്ഥാനവുമില്ല. ഇങ്ങനെ പോകുന്നു മൊണ്ടേക് സിംഗിന്റെ വാദങ്ങൾ.

മുമ്പും വിദേശ വിദഗ്ധന്മാരെ ആസൂത്രണ കമ്മീഷൻ ആശ്രയിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. നിക്കോളാസ് കാൽഡർ, രോജസ്റ്റൈൻ റോഡാൻ, ചാൾസ് ബെത്തൽഹൈം തുടങ്ങിയ പണ്ഡിതന്മാരുടെ സംഭാവനകളെ ഒരു ആസൂത്രണ ചരിത്ര വിദ്യാർഥിക്കും വിസ്മരിക്കാനാകില്ല. നിക്കോളാസ് കാൽഡറുടെ നികുതിയന്വേഷണ കമ്മീഷൻ റിപ്പോർട്ടും ഇന്നും ഒരടിസ്ഥാന രേഖയാണ്. (പ്രൊഫസർ ഗുലാത്തിയായിരുന്നു കാൽഡറുടെ സഹായികളിൽ പ്രമുഖൻ).

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി
◆ കെ.ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജോർജ്ജ് പുലികുത്തിയിൽ

എന്നാൽ പ്രധാനപ്പെട്ട ഒരു വ്യത്യാസം അന്നും ഇന്നും തമ്മിലുണ്ട്. അവരാരും ഏതെങ്കിലും വിദേശ ഏജൻസികളുടെ പ്രതിനിധികളായല്ല ഇന്ത്യാ സർക്കാരിന്റെ ഏതെങ്കിലും സമിതികളിൽ അംഗങ്ങളായത്. അവരിൽ പലരും ഇന്ത്യയിലെ പ്രമുഖ പഠനകേന്ദ്രങ്ങളിലെ പണ്ഡിതന്മാരായി പ്രവർത്തിക്കുന്നവരായിരുന്നു. പ്രസിദ്ധ ഫ്രഞ്ച് ഇടതുപക്ഷ പണ്ഡിതനായ ചാൾസ് ബെത്തൽ ഹൈം കൽക്കത്ത ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറായിരുന്നു. പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച ഇന്ത്യയിൽ ആകൃഷ്ടരായി വന്നവരും അംഗീകൃത ദേശീയ വികസന കാഴ്ചപ്പാടുകളോട് പ്രതിബദ്ധത പുലർത്തുന്നവരുമായിരുന്നു.

എന്നാൽ, മൊണ്ടേക് സിംഗ് ലോകബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളെ സർക്കാരിന്റെ ഔദ്യോഗിക സമിതികളിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് നമ്മുടെ നയങ്ങൾ രൂപീകരിക്കുന്നതിലും പൊതുമിനിമം പരിപാടിയുടെ മുൻഗണനകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലും എന്തു കാര്യം? ഈ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഇതുപോലെ മറ്റു മൂന്നാംലോക രാജ്യങ്ങളുടെ സർക്കാർ സമിതികളിൽ ഉപദേഷ്ടാക്കളായി വന്നതിന്റെ ദുരന്ത അനുഭവങ്ങളിലേക്ക് ജ്യോതിബസു വിരൽ ചൂണ്ടിയത് ശ്രദ്ധേയമാണ്.

ഭരണം മാറിയാലും ആഗോളവൽക്കരണ നയങ്ങളിൽനിന്ന് പിന്മാറ്റം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ലോകബാങ്കും മറ്റും ബോധപൂർവം സ്വീകരിക്കുന്ന സമീപനത്തിന്റെ ഒരു പ്രമുഖ മാർഗമാണ് വിദേശ ഏജൻസികളുടെ ഉദ്യോഗസ്ഥരെയും മറ്റും ഉപദേഷ്ടാക്കളായി ഭരണയന്ത്രത്തിന്റെ മർമസ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്നത് ഈ സാമ്രാജ്യത്വ ഗൂഢാലോചനയുടെ കരുവായി മൊണ്ടേക് സിംഗ് മാറിക്കൊണ്ടിരിക്കയാണ്.

അതുകൊണ്ട് നയ ഉപദേശക സമിതി അംഗങ്ങളിൽ വിദേശികളുടെ ശതമാനം എത്ര വരുമെന്ന ചോദ്യം ബാലിശമാണ്. നയപരമായ ഒരു മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ഇന്നേവരെ കേന്ദ്ര ആസൂത്രണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ള സമിതികളിൽ വിദേശ ഏജൻസികളുടെ പ്രതിനിധികൾ ഉണ്ടായിട്ടില്ല. പതിവില്ലാത്ത ഒരു പുതിയ ഏർപ്പാട് ഇപ്പോൾ എന്തിനു തുടങ്ങുന്നു?. പണ്ടില്ലാത്തൊരു പാണ്ഡിത്യ ദാരിദ്ര്യം പൊടുന്നനെ ഇന്ത്യയിലുണ്ടായിട്ടുണ്ടോ?

**വായ്പയുടെ കാണാച്ചരടുകളിലൂടെ വിദേശ ധനസ്ഥാപനങ്ങൾ നമ്മുടെ ദേശീയ നയങ്ങളെ സ്വാധീനിക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നു എന്നതാണ് അനുഭവം. അതുകൊണ്ട് നമ്മുടെ ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇത്തരം ഏജൻസികളുമായി ഉറച്ച നിലപാടുകളിൽനിന്നുകൊണ്ട് ചർച്ച ചെയ്തു കരുതലോടെ മാത്രമേ വിദേശ വായ്പകൾ സ്വീകരിക്കാൻ പാടുള്ളൂവെന്ന നിലയിലാണ് ഇടതുപക്ഷം പൊതുമിനിമം പരിപാടിയോട് പ്രതികരിച്ചത്. എന്നാൽ, ഇപ്പോൾ മൊണ്ടേക് സിംഗ് ദേശീയ നയ രൂപീകരണ പ്രക്രിയയിൽ തന്നെ വിദേശ പത്രസ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിനു തുനിഞ്ഞിരിക്കയാണ്.**

വേണ്ടത്ര നികുതി വരുമാനമില്ലെങ്കിൽ പിന്നെ സർക്കാരിന് ചെയ്യാനാകുന്നത് വായ്പയെടുക്കുകയാണ്. ഇന്ത്യയിലെ ബാങ്കുകൾ ആണെങ്കിൽ മിച്ച ഫണ്ട് വായ്പ നൽകാൻ കഴിയാതെ വിഷമിക്കുന്ന അവസ്ഥയിലാണ്. കേന്ദ്ര സർക്കാരിന് തന്റേടത്തോടെ ഈ ആഭ്യന്തര വായ്പ സമാഹരിച്ച് പൊതുമിനിമം പരിപാടിയുടെ മുൻഗണനയ്ക്ക് പണം കണ്ടെത്താൻ കഴിയാവുന്നതേയുള്ളൂ. ഈ പണംകൊണ്ട് വൃഥാ പാഴായിപ്പോകുന്ന മനുഷ്യശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തി മണ്ണ്, ജലസംരക്ഷണ പരിപാടികളും ഗ്രാമീണ മേഖലയിൽ നിർമാണ പ്രവർത്തനവും നടത്തുകയാണെങ്കിൽ തൊഴിലുണ്ടാകുക മാത്രമല്ല, രാജ്യത്തിന്റെ വരുമാനവും ഉയരും. വരുമാനം ഉയരുമ്പോൾ ദേശീയ വരുമാനത്തെ അപേക്ഷിച്ച് കടഭാരം താനെ കുറയും.

എന്നാൽ, ഈ മാർഗം സ്വീകരിക്കാൻ ചിദംബരം തയ്യാറായില്ല. അതേ അഭിപ്രായമാണ് ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷനും പറയുന്നത്. തികച്ചും യാഥാസ്ഥിതികമായ ധനനയത്തെ മുറുകെ പിടിക്കാനാണവർ തീരുമാനിച്ചത്. *(ദേശാഭിമാനി)*

■

കത്ത്

31-8-2004

സർ,

സെപ്റ്റംബർ 2004 ലക്കം 9 ജനനീതി കിട്ടി. വായിച്ചു. ധനഞ്ജയിനെ തൂക്കിലേറ്റി, സംസ്കാരത്തെയും എന്ന പംക്തിയാണ് ഈ കത്തിന് പ്രേരിപ്പിച്ചത്.

ബലാൽസംഗത്തിനിരയായി മരണപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ഏത് സംസ്കാരത്തെയാണ് ഇനിയും നാം നിലനിർത്തേണ്ടത്?

പെൺകുട്ടികളും സ്ത്രീകളും മരിച്ചുവീണാലും ധനഞ്ജയിൻമാർ ജീവിച്ചുകൊണ്ടിരിക്കണമെന്നത് ഏത് തത്വമാണ്?

കഴിഞ്ഞ ആഴ്ചയിൽ പുറത്തിറക്കിയ ഫ്രണ്ട്ലൈൻ വായിക്കണം. അതിൽ സൈക്കോളജിസ്റ്റ്സ് പറയുന്ന കാര്യങ്ങൾകൂടി ഓർക്കണം. മരണം ഉറപ്പായിട്ടും യാതൊരുവിധ പശ്ചാത്താപവും ഇല്ലാത്ത ഇത്തരക്കാർക്കുവേണ്ടി captial panishment എന്നത് statute-കളിൽ നിലനിൽക്കണമെന്നാണ് എന്റെ അഭിപ്രായം.

ബലാൽസംഗത്തിന് ഇരയായ ഒരു പെൺകുട്ടിയെ നാം നിലനിർത്തണമെന്ന് പറയുന്ന സംസ്കാരമുള്ള ഒരു പുരുഷൻ വിവാഹം കഴിക്കാൻ തയ്യാറാവുമോ? അല്ലെങ്കിൽ ബലാൽസംഗത്തിൽ ജനിച്ച ഒരു തന്തയില്ലാത്ത പെൺകുട്ടിയെ സ്വീകരിക്കാൻ നമ്മുടെ നാട്ടിലെ പുരുഷൻമാർ തയ്യാറാവുമോ? ഇതൊന്നും നടക്കില്ലെങ്കിൽ - സംസ്കാരമില്ലാത്ത ഇക്കൂട്ടരുടെ സംസ്കാരം എന്തിന് നിലനിർത്തണം? ഇത്തരം മരണത്തിനിരയായ ആയിരക്കണക്കിന് പെൺകുട്ടികൾക്കുവേണ്ടി സംസാരിക്കാൻ ഇവിടെ ആരുമില്ല. തെളിവുകൾ ഇല്ലെങ്കിലും ആയിരം ധനഞ്ജയിൻമാർ ഉണ്ടാകാതിരിക്കാൻ ഒരു ധനഞ്ജയിൻ കൊല്ലപ്പെടേണ്ടത് സ്ത്രീ സമൂഹത്തിന് ആവശ്യമാണ്. മരണപ്പെട്ട സ്ത്രീകൾക്ക് നഷ്ടപ്പെട്ട ജീവൻ തിരിച്ചുതരാൻ ഇവിടെ ഏത് നിയമത്തിന് സാധിക്കും?. ■

Let us be clean and not hypocrtic.

**അഡ്വ. മരിയ, കൽപ്പറ്റ, വയനാട്.**

*(ഈ വിഷയത്തിൽ വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.*

– പത്രാധിപർ)

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@asianetindia.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709